# എന്റെ തിരൂർ സുന്ദര നഗരം

ബഹുമാന്യരെ,

മനുഷ്യ ജീവിതത്തെ ദുസ്സഹമാക്കുന്ന ഒന്നായി മാലിന്യ പ്രശ്നം വളർന്നു വന്നിട്ടുണ്ട്. ജൈവ അജൈവ മാലിന്യങ്ങളുടെ പരിപാലനം ശാസ്ത്രീയമായിരിക്കണം. ദ്രവ മാലിന്യസംസ്കരണം അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ്. നമ്മുടെ സ്വാഭാവിക ജലസ്രോതസ്സുകൾ അവഗണിക്കപ്പെടേണ്ടവയല്ല എന്ന തിരിച്ചറിവ് ഹരിത കേരള മിഷന്റെ പ്രവർത്തനത്തിലൂടെ ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. തണ്ണീർതടങ്ങളിലെ ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കപ്പെടുകയും വേണം.

പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങളും ഡോ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ വിളിച്ചുചേർത്ത ജനകീയ വികസന സെമിനാറിൽ നിന്നുരുത്തിരിഞ്ഞ നിർദ്ദേശങ്ങളും കൂട്ടിയിണക്കിയാണ് നഗരസഭ സമഗ്ര മാലിന്യ സംസ് കരണപദ്ധതിക്ക് രൂപം നൽകിയത്. ഖര മാലിന്യ പരിപാലനത്തിന് നാലുകോടി രൂപയുടെ പദ്ധതി, 84 ലക്ഷം രൂപ ചെലവിൽ ഡ്രൈനേജ് സംവിധാനം, 61 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന പ്രതിദിനം 50 കിലോലിറ്റർ മലിനജലം ശുദ്ധീകരണ ശേഷിയുള്ള ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ നഗരസഭയുടെ സമീപന രേഖയിൽ ഉൾപ്പെടുന്നു. ഇവയിൽ ആദ്യത്തെ രണ്ടെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്.

കേരളത്തിൽ ആദ്യമായി നഗരസഭയുടെയും ഗുണഭോക്താക്കളുടെയും സാമ്പത്തിക സഹകരണത്തോടെ നിർമ്മിക്കുന്ന പ്രസ്തുത ദ്രവ മാലിന്യ സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപന കർമ്മം ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ.എ.സി.മൊയ്തീൻ 2019 ഫെബ്രവരി 23 ശനിയാഴ്ച വൈകീട്ട് 5 മണിക്ക് തിരൂർ നഗരസഭ ശ്രീ. അബൂബക്കർ സാഹിബ് മെമ്മോറിയൽ ബസ്സ്റ്റാന്റ് പരിസരത്ത് വെച്ച് നിർവഹിക്കുന്നു. ചടങ്ങിൽ ബഹു. തിരൂർ എം.എൽ.എ ശ്രീ. സി. മമ്മൂട്ടി അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നു. ബഹു. താനൂർ എം.എൽ.എ ശ്രീ.വി.അബ്ദുറഹിമാൻ മുഖ്യാതിഥിയായിരിക്കും.

പ്രസ്തുത ചടങ്ങിലേക്ക് താങ്കളെ സവിനയം ക്ഷണിക്കുന്നു.

സ്നേഹാദരങ്ങളോടെ,

കെ. ബാവ
ചെയർമാൻ,
തിരൂർ നഗരസഭ

എ.എസ്. നൈസാം
സെക്രട്ടറി
തിരൂർ നഗരസഭ

# കാര്യപരിപാടി

| | | |
|---|---|---|
| സ്വാഗതം | : | ശ്രീ. കെ. ബാവ<br>(ചെയർമാൻ, തിരൂർ നഗരസഭ) |
| അദ്ധ്യക്ഷൻ | : | ശ്രീ. സി. മമ്മുട്ടി<br>(ബഹു.തിരൂർ എം.എൽ.എ) |
| റിപ്പോർട്ട് അവതരണം | : | ശ്രീ. എ.എസ്. നൈസാം<br>(സെക്രട്ടറി,തിരൂർ നഗരസഭ) |
| ശിലാസ്ഥാപനം | : | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു.തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രി) |
| മുഖ്യാതിഥി | : | ശ്രീ. വി.അബ്ദുറഹിമാൻ<br>(ബഹു.താനൂർ എം.എൽ.എ) |
| ആശംസകൾ | : | ശ്രീമതി. കെ. സഫിയ ടീച്ചർ<br>(വൈസ് ചെയർപേഴ്സൺ , തിരൂർ നഗരസഭ) |
| | : | ശ്രീ. കുഞ്ഞിമൊയ്തീൻ എന്ന കൽപ ബാവ<br>(ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, തിരൂർ നഗരസഭ) |
| | : | ശ്രീമതി. പി.ഐ. റൈഹാനത്ത്<br>(ക്ഷേമകാര്യസ്റ്റാന്റിംഗ്കമ്മിറ്റി ചെയർപേഴ്സൺ, തിരൂർ നഗരസഭ) |
| | : | ശ്രീ. കെ. വേണുഗോപാൽ<br>(ആരോഗ്യകാര്യസ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ, തിരൂർ നഗരസഭ) |
| | : | ശ്രീമതി. കെ.പി. റംല<br>(മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, തിരൂർ നഗരസഭ) |
| | : | ശ്രീമതി. ഗീത പള്ളിയേരി<br>(വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർപേഴ്സൺ, തിരൂർ നഗരസഭ) |
| | : | ശ്രീമതി. നാജിറ അഷ്റഫ്<br>(കൗൺസിലർ, തിരൂർ നഗരസഭ) |
| | : | അഡ്വ. എസ്. ഗിരീഷ്<br>(കൗൺസിലർ, തിരൂർ നഗരസഭ) |
| | : | ശ്രീമതി. എം.പി. ശാന്ത<br>(കൗൺസിലർ, തിരൂർ നഗരസഭ) |
| | : | ശ്രീ. കെ.പി. ഹുസൈൻ<br>(കൗൺസിലർ, തിരൂർ നഗരസഭ) |
| | : | ശ്രീമതി. രുഗ്മിണി ടീച്ചർ<br>(കൗൺസിലർ, തിരൂർ നഗരസഭ) |
| | : | ശ്രീമതി. നിർമ്മല കുട്ടികൃഷ്ണൻ<br>(കൗൺസിലർ, തിരൂർ നഗരസഭ) |